# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 503</u>

<u>26.04.2017 ൽ മറുപടിക്ക്</u>

### <u>നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ മണലിന്റെ ദൗർലഭ്യം</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ. കെ.എം. ഷാജി | | ശ്രീ. എ.സി. മൊയ്തീൻ<br>(ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) വിവിധ വ്യവസായങ്ങൾക്കും, വീട് നിർമ്മിക്കുന്നതിനും ആവശ്യമായ മണൽ സംസ്ഥാനത്ത് നിലവിൽ ലഭ്യമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) പ്രസ്തുത ആവശ്യങ്ങൾക്കായുള്ള മണൽ വാരുന്നതിന് സംസ്ഥാനത്തു നിരോധനവും നിയമ നടപടികളും നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വീട് വയ്ക്കുന്നതിന് ആവശ്യമായ മണൽ പോലും അന്യ സംസ്ഥാനത്ത് നിന്ന് കൊണ്ടുവരുന്നത് തടസ്സപ്പെടുത്തുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) & (സി) | ബഹു.സുപ്രീം കോടതി വിധിപ്രകാരം എല്ലാ വിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാണ്. സംസ്ഥാനത്തെ നദികളിൽ നിന്നും പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക് മണൽ വാരുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ അനുമതി നൽകുന്നുണ്ട്. മതിയായ രേഖകളോടെ നിർമ്മാണാവശ്യങ്ങൾക്ക് സംസ്ഥാനത്തിനു പുറത്തു നിന്ന് മണൽ കൊണ്ടുവരുന്നതിന് അനുമതി നൽകി വരുന്നുണ്ട്. ഇക്കാര്യത്തിൽ തടസ്സങ്ങൾ ഒന്നും നിലവിലില്ല. |
| (സി) സാധാരണക്കാർക്കുപോലും വീട് നിർമ്മിയ്ക്കുന്നതിന് ആവശ്യത്തിന് മണൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇത് അന്യ സംസ്ഥാനങ്ങളിൽ നിന്ന് അതിർത്തി ചെക്പോസ്റ്റുകളിലൂടെ കൊണ്ടുവരുന്നതിന് നിലവിലുള്ള തടസ്സം ഒഴിവാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**